


# വലിയ ശനി

**ബ്ര. സ്റ്റെബിൻ വിതയത്തിൽ** MCBS

മത്തായി 28:1–20 (Vol. 9, Issue 54)

വലിയ ശനി എന്നത് പരിത്യാഗത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിനങ്ങളാൽ നോമ്പുകാലത്തിന്റെ അവസാനം കുറിക്കുന്ന ദിനമാണ്. ഇന്നേദിനം ദൈവാലയങ്ങളിൽ മൂന്ന് പ്രധാനകർമ്മങ്ങൾ അനുസ്മരിക്കുന്നു.

1. മിശിഹാ ലോകത്തിന്റെ പ്രകാശമാണ് എന്ന് ഏറ്റുപറഞ്ഞ് നാം തിരി തെളിക്കുന്നു. ഈ കർമ്മത്തിലൂടെ ക്രിസ്തു ലോകത്തിന്റെ പ്രകാശമാണെന്ന് ഏറ്റുപറയുന്നു.

2. ജ്ഞാനസ്നാന നവീകരണം നടത്തുന്നു. വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നു. കുഞ്ഞായിരിക്കുമ്പോൾ എനിക്കുവേണ്ടി, തലതൊട്ടപ്പനും തലതൊട്ടമ്മയും ഏറ്റുപറഞ്ഞ ആ വിശ്വാസം ഇന്ന് അറിവോടുകൂടി നാം ഏറ്റുപറയുന്നു.

3. അനുരഞ്ജനപ്പെടുന്നു.

ഇന്നത്തെ സുവിശേഷത്തിൽ നാം വായിച്ചു കേട്ടത് വി. മത്തായിയുടെ സുവിശേഷം 28:1–20 വരെയുള്ള വാക്യങ്ങളാണ്. ആഴ്ചയുടെ ആദ്യദിനം നേരം പുലരുംമുമ്പേ ശവകുടീരത്തിൽ ചെന്ന മഗ്ദലേ ന മറിയം കണ്ട കാഴ്ച, ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് കല്ലുരുട്ടി മാറ്റി അതിന്മേൽ ഇരിക്കുന്നതാണ്. അവിടെ കാവൽക്കാരും ഉണ്ടായിരുന്നു. എന്നാൽ, അവർ ഭയന്നുവിറച്ചിരുന്നു. ദൂതൻ സ്ത്രീകളോട് പറഞ്ഞു: "നിങ്ങൾ ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല. താൻ അരുൾ ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു" (മത്തായി 28:6).

പാപത്തിന്റെ അടിമത്വത്തിലായിരുന്ന മനുഷ്യനെ മോചിപ്പിച്ച് മരണത്തെ തോൽപ്പിച്ച് ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനുശേഷം ഈശോ ശിഷ്യന്മാർക്ക് വലിയൊരു പ്രേഷിതദൗത്യം നൽകുകയാണ്. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്തായി 28:19). വി. യോഹന്നാൻ, തന്റെ സുവിശേഷത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നത് ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചമായിട്ടാണ് (യോഹ. 1:9). ക്രിസ്തുവാകുന്ന പ്രകാശത്തിൽ നിലയുറപ്പിച്ച് ലോകത്തിന്റെ പ്രകാശമാകാനുള്ള വിളിയാണ് ഒരോ ക്രിസ്ത്യാനിയും സ്വീകരിച്ചിരിക്കുന്നത്. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (മത്തായി 5:14). ഈ വെളിച്ചത്തിൽ പങ്കുചേർന്നെങ്കിൽ ക്രിസ്തുവിനോടൊത്ത് മരിക്കാൻ നാം

തയ്യാറാകണം. അതായത്, മാമ്മോദീസാ സ്വീകരിക്കാൻ നാം തയ്യാറാകണം എന്നർത്ഥം.

ദുഃഖശനിയാഴ്ച മാമ്മോദീസായെക്കുറിച്ച് നാം ചിന്തിക്കുന്ന ദിനമാണ്. എന്താണ് മാമ്മോദീസാ? മാമ്മോദീസാ വഴി നാം ദൈവമക്കളും ദൈവരാജ്യത്തിന്റെ അവകാശികളുമായി മാറുന്നു. പുതിയ നിയമത്തിൽ സ്നാപകനിൽ നിന്ന് മാമ്മോദീസാ സ്വീകരിക്കുന്ന ഈശോയെ നാം കാണുന്നുണ്ട്. പഴയ നിയമത്തിലെ ക്ഷാളനകർമ്മങ്ങളിൽ നിന്നാണ് സ്നാപകൻ പരികർമ്മം ചെയ്ത അനുതാപത്തിന്റെ മാമ്മോദീസായിലേയ്ക്കും പിന്നീട് ക്രിസ്തീയ മാമ്മോദീസായിലേയ്ക്കും (അപ്പ. പ്രവ. 8:12) അതേ തുടർന്ന് കൈവയ്പ്പ് ശുശ്രൂഷയിലൂടെ പരിശുദ്ധാത്മാഭിഷേകത്തിലേയ്ക്കുമുള്ള (അപ്പ. പ്രവ. 8: 14-17) പരിണാമുണ്ടായത്. ഉത്ഥിതൻ, ശിഷ്യരെ ഭരമേൽപ്പിച്ച ദൗത്യമാണ് മാമ്മോദീസാ (മത്തായി 28: 19; മർക്കോ. 16:16). പഴയനിയമത്തിലെ പരിച്ഛേദനത്തിന് സമാനമാണ് പുതിയനിയമത്തിലെ ജ്ഞാനസ്നാനം. ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കാതെ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന പ്രബോധനം (യോഹ. 3:5) മാമ്മോദീസായുടെ അനിവാര്യതയാണ് വ്യക്തമാക്കുക. പുതിയ നിയമത്തിൽ ക്രൈസ്തവ മാമ്മോദീസായെ സൂചിപ്പിക്കാൻ ജലം (അപ്പ. പ്രവ. 10:47); ജലം കൊണ്ടുള്ള സ്നാനം വഴി ശുദ്ധീകരിക്കൽ (എഫേ. 5: 26); പ്രകാശിതരാകുന്ന കർമ്മം (ഹെബ്രാ. 6:4) എന്നിങ്ങനെയുള്ള വ്യത്യസ്തപദങ്ങൾ ഉപയോഗിക്കുന്നു. അനുതാപത്തിന്റെ മാമ്മോദീസാ അതിന്റെ ഏകപരികർമ്മിയായ സ്നാപകനിൽ ആരംഭിച്ച് സ്നാപകനിൽ അവസാനിച്ചു. എന്നാൽ, ക്രിസ്തീയ മാമ്മോദീസാ ക്രിസ്തുവല്ല പരികർമ്മം ചെയ്തത്. ആ ദൗത്യം ശിഷ്യന്മാരെയാണ് അവിടുന്ന് ഭരമേൽപ്പിച്ചത് (യോഹ. 4:2; മർക്കോ. 16:16). യോഹന്നാന്റെ സ്നാനം ജലം കൊണ്ടുള്ളതായിരുന്നെങ്കിൽ ക്രിസ്തുവിന്റേത് പരിശുദ്ധാത്മാവും അഗ്നിയും കൊണ്ടുള്ളതായിരുന്നു.

വിശുദ്ധ മാമ്മോദീസായെപ്പറ്റി വിചിന്തനം നടത്തുന്ന ഇന്നേ ദിവസം യേശുവിന്റെ സ്നാനത്തിന് ഏകദേശം സമാനമായൊരു സ്നാനം പഴയനിയമ ഗ്രന്ഥത്തിൽ യോനായുടെ പുസ്തകത്തിൽ നമുക്ക് കണ്ടെത്തുവാൻ കഴിയും. യോന എന്ന പേരിന്റെ അർത്ഥം പ്രാവ് എന്നാണ്. സ്വർഗ്ഗത്തിൽ നിന്ന് അടയാളം ചോദിച്ച നിയമജ്ഞരോടും ഫരിസേയരോടും യേശു പറഞ്ഞു: യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരു അടയാളം നൽകപ്പെടുകയില്ല. യോന മൂന്ന് രാവും പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നപോലെ മനുഷ്യപുത്രനും മൂന്ന് രാവും പകലും ഭൂമിക്കുള്ളിലായിരിക്കും എന്നാണിതിനർത്ഥം. പഴയനിയമത്തിലെ യോനാ പ്രവാചകൻ കപ്പലിലെ ജോലിക്കാരോട് പറഞ്ഞു: എന്നെയെടുത്ത് കടലിലേയ്ക്ക് എറിയൂ (യോനാ 1:12). യഥാർത്ഥ യോനായായ നസ്രത്തിലെ യേശു ഇങ്ങനെ പറയുകയാണ്: എന്നെയെടുത്ത് ജോർദ്ദാൻ നദിയിലേയ്ക്കെറിയൂ എന്ന്.

ബനഡിക്ട് പാപ്പായുടെ ഭാഷയിൽ പറഞ്ഞാൽ ജോർദ്ദാനിലേയ്ക്കുള്ള യേശുവിന്റെ ഇറക്കം പാതാളത്തിലേയ്ക്കുള്ള ഇറക്കമായിരുന്നു. ലോകത്തിലെ മനുഷ്യരുടെ പാപം വഹിക്കാൻ സാധിക്കുന്ന ദിവ്യകുഞ്ഞാടാണ് ക്രിസ്തു (യോഹ. 1: 29).

വി. ജോൺ ക്രിസോസ്തോം ഇപ്രകാരം അഭിപ്രായപ്പെടുന്നു: വെള്ളത്തിലേയ്ക്കിറങ്ങി അവിടെ നിന്ന് കയറിയത് നരകത്തിലേയ്ക്കുള്ള ഇറക്കത്തിന്റെയും കയറ്റത്തിന്റെയും പ്രതീകാത്മക സൂചനയാണ്. ദുഷ്ടന്റെ ഭവനത്തിലേയ്ക്കുള്ള യേശുവിന്റെ ഇറക്കമായിരുന്നു മാമ്മോദീസാ. അവിടെ വച്ച് മനുഷ്യരെ തടവുകാരാക്കി കൈവശം വച്ചിരിക്കുന്ന ശക്തനുമായി (ലൂക്ക 11:22) അതിശക്തനായ അവൻ സംഘട്ടനത്തിലേർപ്പെട്ടു. എന്നാൽ, യേശുവാകട്ടെ ലോകത്തിന്റെ പാപം മുഴുവൻ തന്റെമേൽ ചുമന്ന് അതിലൂടെ അവസാനം വരെ സഹിച്ച് മനുഷ്യരെ രക്ഷിച്ചു.

അതുകൊണ്ട് ഇന്നും ജ്ഞാനസ്നാനം സ്വീകരിക്കുന്ന ഒരു മനുഷ്യൻ ക്രിസ്തുവിന്റെ പീഡാനുഭവ-മരണ-ഉത്ഥാനങ്ങളിൽ പങ്കുപറ്റുകയാണ്. വി. പൗലോസ് ഈ വലിയ ദൈവശാസ്ത്രം പഠിപ്പിക്കാനാണ് ആദിമസഭയിൽ വലിയ ശനിയാഴ്ച മാത്രം ജ്ഞാനസ്നാനം നൽകിയിരുന്നത്. ജ്ഞാനസ്നാനത്തിലൂടെ നാം കർത്താവിനോട് ഐക്യപ്പെടുന്നു. ഈ മഹാസത്യത്തെ അനുസ്മരിപ്പിക്കാനാണ് ആദിമസഭ, അർത്ഥിക്ക് ജലത്തിൽ മുക്കി സ്നാനം നൽകിയത്.

വി. ഗ്രിഗറി നസ്സീയാൻസൻ മാമ്മോദീസായെക്കുറിച്ച് പറയുന്നതിങ്ങനെ: ദൈവത്തിന്റെ ഏറ്റവും മനോഹരവും മഹത്തരവുമായ ദാനമാണ് മാമ്മോദീസാ. നാം അതിനെ ദാനമെന്നും കൃപയെന്നും അഭിഷേകമെന്നും ജ്ഞാനോദയമെന്നും നിത്യതയുടെ വസ്ത്രമെന്നും വിളിക്കുന്നു. അത് ദാനമാണ്. കാരണം, സ്വന്തമായി ഒന്നുമില്ലാത്തവനാണ് അത് നൽകപ്പെടുന്നത്. അത് സ്നാനമാണ്. കാരണം, അത് പാപത്തെ ജലത്താൽ കഴുകി വിശുദ്ധീകരിക്കുന്നു.